# ماذا يوجد في السماء ؟

## ആകാശത്ത് എന്തൊക്കെയാണുള്ളത് ?

هل تفكرنا بمخلوقات الله فيها ؟

അതിലുള്ള ദൈവീകസൃഷ്ടികളെക്കുറിച്ച് നാം ചിന്തിച്ചിട്ടുണ്ടോ ?

## هل هي حقيقية أم لا ؟

അവ യാഥാര്‍ത്ഥ്യം അല്ലേ ?

അതോ മിഥ്യയോ

## وللإجابة على هذا التساؤل :

ഈ ചോദ്യങ്ങള്‍ക്കുള്ള മറുപടി

ഈസന്ദേശം താങ്കള്‍ മറ്റുള്ളവര്‍ക്ക് ഫോര്‍വേഡ് ചെയ്ത് ഏകഇലാഹായ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങള്‍ പ്രചരിപ്പിക്കുന്നതില്‍ പങ്കാളിയാവുക.അല്ലാഹുവിന്റെ കാരുണ്യം നമ്മളില്‍ ഉണ്ടാവട്ടെ. ആമീന്‍

www.islamkerala.com







قال تعالى :

الَّذِينَ يَذْكُرُونَ اللَّهَ قِيَاماً وَقُعُوداً وَعَلَى جُنُوبِهِمْ وَيَتَفَكَّرُونَ فِي خَلْقِ السَّمَوَاتِ وَالأَرْضِ رَبَّنَا مَا خَلَقْتَ هَذَا بَاطِلاً سُبْحَانَكَ فَقِنَا عَذَابَ النَّارِ (191)

നിശ്ചയമായും ആകാശഭൂമികളുടെസൃഷ്ടിപ്പിലും രാവുംപകലുംമാറിക്കൊണ്ടിരിക്കുന്നതിലും ബുദ്ധിയുള്ളവർക്ക് ധാരാളം ദൃഷ്ടാന്തങ്ങളുണ്ട്. നിന്നും ഇരുന്നുംകിടന്നും(എല്ലാഅവസരങ്ങളിലും) അല്ലാഹുവെ സ്മരിക്കുന്നവരും ആകാശഭൂമികളെസൃഷ്ടിച്ചതിൽ ചിന്തിക്കുന്നവരും“ഞങ്ങളുടെ നാഥാനീ ഇതൊന്നും സൃഷ്ടിച്ചത് അർഥശൂന്യമായിട്ടല്ല, നീ പരിശുദ്ധനാണ്


: അത് കൊണ്ട് ഞങ്ങളെ നീ നരക ശിക്ഷയിൽനിന്ന് രക്ഷിക്കേണമേ!" (എന്ന് പ്രാർത്ഥിക്കുന്നവരാണ് ബുദ്ധിയുള്ളവർ) (ആലു ഇം റാൻ 190, 191)

إذاً لنتفكر بمخلوقات الله
لنعلم أن الله على كل شيء قدير

ഈ ചോദ്യങ്ങൾക്ക് ഉത്തരം പറയുമ്പോൾ നാം ദൈവീക സൃഷ്ടികളെ കുറിച്ച് ചിന്തിക്കേണ്ടതുണ്ട് അപ്പോൾ അല്ലാഹു എല്ലാത്തിനും കഴിവുറ്റവനാണെന്ന യാഥാർത്ഥ്യം നമുക്ക് മനസ്സിലാകും.

هذه صور حقيقية للفضاء الخارجي مأخوذة عبر تلسكوب
هابل وقد تتعجب منها !


Hubble space ടെലെസ്കോപിന്റെ സഹായത്തോടെ ലഭ്യമായ, അന്തരീക്ഷത്തിന്റെ യഥാർത്ഥചിത്രങ്ങളാണിതിലുള്ളത്. നമുക്ക് അത്ഭുതം തോന്നുന്നുണ്ടാകാം!!!



എന്തൊരത്ഭുതം ഈ സൂര്യഗോളത്തിന്റെ വലുപ്പം എത്രയാണ് ?

# دعونا أولاً نقارن حجم الكواكب  مع حجم الكرة الأرضية :

**ആദ്യം ഭൗമഗോളത്തിന്റെവലുപ്പവും മറ്റുള്ളവയുടെവലുപ്പവും നമുക്ക് താരതമ്യം ചെയ്യാം.**




**ഇതാണ്ഭൂമിയുടെ,സൂര്യനെ അപേക്ഷിച്ചുള്ളവലുപ്പം അത്നമ്മുടെ ഈ ഭ്രമണപഥത്തിൽവിന്യസിച്ച് കിടക്കുന്നകോടാനകോടിതാരകങ്ങളിൽഒന്നാണ്.**
**സഹോദരാ!നാംഎവിടെയാണ് ???!**

**ഭൗമഗോളം മറ്റുള്ള അതിനോടടുത്തഗോളങ്ങളോട് സാമ്യമുള്ളതാണ്.**
**ഭൂമി വ്യാഴം,ശനി (**Jupiter,Saturn**) പോലെയുള്ള വലിയഗോളങ്ങളോട് സമാനതയുള്ളതാണ്.**
**ഭൂമിയുടെ വലുപ്പം നാം കാണുന്നില്ലേ സൂര്യനോട് സമാനതയുണ്ട്.**

وَمَا تَكُونُ فِي شَأْنٍ وَمَا تَتْلُو مِنْهُ مِن قُرْآنٍ وَلاَ تَعْمَلُونَ مِنْ عَمَلٍ إِلاَّ كُنَّا عَلَيْكُمْ شُهُودًا إِذْ تُفِيضُونَ فِيهِ وَمَا يَعْزُبُ عَن رَّبِّكَ مِن مِّثْقَالِ ذَرَّةٍ فِي الأَرْضِ وَلاَ فِي السَّمَاء وَلاَ أَصْغَرَ مِن ذَلِكَ وَلا أَكْبَرَ إِلاَّ فِي كِتَابٍ مُّبِينٍ (61)

**നബിയേ, താങ്കള്‍ ഏത്കാര്യത്തിലായിരുന്നാലും ഖുര്‍ആനില്‍ നിന്ന് എന്ത് ഓതുകയാണെങ്കിലും (ജനങ്ങളേ,)നിങ്ങള്‍ വല്ല പ്രവര്‍ത്തിയും ചെയ്യുകയാണെങ്കിലും അതില്‍ പ്രവേശിക്കുമ്പോള്‍ നിങ്ങളുടെ മേല്‍ നാം സാക്ഷിയായിട്ടല്ലാതെ സംഭവിക്കയില്ല. ആകാശ ഭൂമികളില്‍ ഒരണുത്തൂക്കമുള്ള വസ്തുവും അതിനെക്കാള്‍ ചെറുതും വലുതും ഒന്നും തന്നെ താങ്കളുടെ രക്ഷിതാവില്‍ നിന്ന് മറഞ്ഞിരിക്കയില്ല. എന്നാല്‍, അതെല്ലാം തന്നെ സ്പഷ്ടമായ ഒരു ഗ്രന്ഥത്തില്‍ രേഖപ്പെടുത്തിയിട്ടുണ്ട്. (യൂനുസ് 61)**

## دعونا الآن نتفكر بما هو موجود في السماء ...

## നമുക്ക് ഇപ്പോള്‍ ആകാശത്ത് ഉള്ളവയെകുറിച്ച് ചിന്തിക്കാം.

www.islamkerala.com




**هذه أحد المجرات التي يوجد فيها الكم الهائل من النجوم :**

**ഈ ആകാശം ഒട്ടുവളരെനക്ഷ്ത്രങ്ങളുടെസഞ്ചാര പഥങ്ങൾ ഉൾ കൊള്ളുന്നതാണ്**

==================

وَكَذَٰلِكَ نُرِي إِبْرَاهِيمَ مَلَكُوتَ السَّمَاوَاتِ وَالْأَرْضِ وَلِيَكُونَ مِنَ الْمُوقِنِينَ
(75) فَلَمَّا جَنَّ عَلَيْهِ اللَّيْلُ رَأَىٰ كَوْكَبًا قَالَ هَٰذَا رَبِّي فَلَمَّا أَفَلَ قَالَ لَا أُحِبُّ
الْآفِلِينَ (76) فَلَمَّا رَأَى الْقَمَرَ بَازِغًا قَالَ هَٰذَا رَبِّي فَلَمَّا أَفَلَ قَالَ لَئِن لَّمْ
يَهْدِنِي رَبِّي لَأَكُونَنَّ مِنَ الْقَوْمِ الضَّالِّينَ (77) فَلَمَّا رَأَى الشَّمْسَ بَازِغَةً

قَالَ هَذَا رَبِّي هَذَآ أَكْبَرُ فَلَمَّا أَفَلَتْ قَالَ يَا قَوْمِ إِنِّي بَرِيءٌ مِّمَّا تُشْرِكُونَ (78) إِنِّي وَجَّهْتُ وَجْهِيَ لِلَّذِي فَطَرَ السَّمَاوَاتِ وَالأَرْضَ حَنِيفًا وَمَا أَنَاْ مِنَ الْمُشْرِكِينَ (79)

അപ്രകാരം ആകാശഭൂമികളുടെമഹത്തായ ആധിപത്യംനാം ഇബ്രാഹീമിനു കാണിച്ചു കൊടുക്കുന്നു. (അദ്ദേഹം അതിൽ നിന്ന് തൗഹീദ് ഗ്രഹിക്കുവാനും) ദൃഢവിശ്വാസികളിൽ പെട്ട ആളായിരിക്കേണ്ടതിനുമായി (അൻആം75)

അങ്ങനെ രാത്രിയായപ്പോൾ ഒരു നക്ഷത്രം അദ്ദേഹം കണ്ടു. അപ്പോൾ, ഇതാണ് എന്റെനാഥൻ എന്നദ്ദേഹംപറഞ്ഞു. അങ്ങനെഅത് മറഞ്ഞു പോയപ്പോൾ, മറഞ്ഞുപോകു ന്നവരെ (ഇലാഹാക്കി വെക്കാൻ)ഞാനിഷ്ടപ്പെടുന്നില്ല. എന്ന്അദ്ദേഹം പ്രസ്താവിച്ചു. (അൻആം 76)

അങ്ങനെ ചന്ദ്രൻ ഉദിച്ചുകണ്ടപ്പോൾ, ഇതാണ് എന്റെ നാഥൻ എന്ന് അദ്ദേഹം പറഞ്ഞു. അതും അപ്രത്യക്ഷമായപ്പോൾ 'എന്റെ നാഥൻ എനിക്ക് മാർഗദർശനം ചെയ്തു തന്നിട്ടില്ലെങ്കിൽ ഞാൻ നേർമാർഗ്ഗം കാണാതെ ഉഴലുന്നവരിൽ പെട്ടുപോകുകതന്നെ ചെയ്യുന്നതാണ് ' എന്ന് അദ്ദേഹം പറഞ്ഞു. (അൻആം77)

അനന്തരം സൂര്യനദിച്ച്കണ്ടപ്പോൾ ' ഇതാണ് എന്റെ നാഥൻ, ഇത് ഏറ്റവും വലിയതാണല്ലോ 'എന്ന് അദ്ദേഹം പ്രസ്താവിച്ചു. അതും അസ്തമിച്ചപ്പോൾ അദ്ദേഹം പ്രഖ്യാപനം ചെയ്തു : എന്റെ ജനങ്ങളേ, അല്ലാഹുവിനോട് (മറ്റ് വസ്തുക്കളെ) നിങ്ങൾ പങ്ക് ചേർക്കുന്നതിൽ നിന്ന് നിശ്ചയം ഞാൻ ഒഴിവാകുന്നു. (അൻആം78)

ആകാശഭൂമികളെ സൃഷ്ടിച്ച അല്ലാഹുവിന്റെ നേരെ എന്റെ മുഖം നിശ്ചയമായും ഞാനിതാ തിരിച്ചിരിക്കുന്നു. ഞാൻ സത്യമാർഗ്ഗത്തിലേക്ക് തിരിഞ്ഞവനാണ്; ബഹു ദൈവവിശ്വാസികളിൽ പെട്ടവനല്ല. (അൻആം79)



ما أعظم خلق الله :

അല്ലാഹുവിന്റെ സൃഷ്ടിപ്പ് !!!!




صورة لأحد المجرات وترى مدى كثافة النجوم فيها :

സഞ്ചാരപാഥങ്ങളിലൊന്നിന്റെരൂപമാണിത്. അതിൽ തിങ്ങിനിറഞ്ഞ താര സമൂഹങ്ങളെ നമുക്ക് കാണാം.

=================

أَوَلَمْ يَنظُرُواْ فِي مَلَكُوتِ السَّمَاوَاتِ وَالأَرْضِ وَمَا خَلَقَ اللّهُ مِن شَيْءٍ وَأَنْ عَسَى أَن يَكُونَ قَدِ اقْتَرَبَ أَجَلُهُمْ فَبِأَيِّ حَدِيثٍ بَعْدَهُ يُؤْمِنُونَ (185)

ആകാശ ഭൂമികളിലെ ആധിപത്യത്തിലും അല്ലാഹു എന്തെല്ലാം വസ്തുക്കളെ സൃഷ്ടിച്ചിട്ടുണ്ടോ അവയിലും തങ്ങളുടെ നിശ്ചിത അവധി അടുത്തിരിക്കുവാൻ അവകാശമുണ്ട് എന്നതിലും അവർ ചിന്തിച്ചു നോക്കുന്നില്ലേ ? ഇതിനു (ഈ ഖുർആനിനു) ശേഷം ഏതൊരു വാർത്തയിലാണ് അവർ വിശ്വസിക്കാൻ പോകുന്നത്. ( അഅ്റാഫ് 185)



سبحان الله القادر على قل شيء :

അല്ലാഹു എല്ലാത്തിനും കഴിവുറ്റവൻ തന്നെ ( സുബ്ഹാനല്ലാഹ് )

www.islamkerala.com




سبحان الله خالق كل شيء :

(സുബ്ഹാനല്ലാഹ്)അല്ലാഹുതന്നെയാണ് എല്ലാത്തിന്റെയും സൃഷ്ടാവ്



فَقَضَاهُنَّ سَبْعَ سَمَاوَاتٍ فِي يَوْمَيْنِ وَأَوْحَى فِي كُلِّ سَمَاء أَمْرَهَا
وَزَيَّنَّا السَّمَاء الدُّنْيَا بِمَصَابِيحَ وَحِفْظًا ذَلِكَ تَقْدِيرُ الْعَزِيزِ الْعَلِيمِ 12


അങ്ങനെ അല്ലാഹു അവയെ(ആകാശങ്ങളെ) രണ്ട് ദിവസങ്ങളിലായി ഏഴാകാശങ്ങളാക്കിത്തീർക്കുകയും എല്ലാ ഓരോ ആകാശത്തിലും അതതിന്റെ കാര്യം അറിയിച്ചുകൊടുക്കുകയും ചെയ്തു (ഭൂമിയോട്) ഏറ്റവും അടുത്ത ആകാശത്തെ ചില വിളക്കുകൾ കൊണ്ട് നാം അലങ്കരിക്കുകയും അതിനെ നാം സംരക്ഷിക്കുകയും ചെയ്തു. പ്രതാപശാലിയും സർവ്വജ്ഞനുമായ അല്ലാഹു വ്യവസ്ഥ ചെയ്തു കണക്കാക്കിയതാണിതെല്ലാം. (ഫുസ്സിലത്ത് 12)



سبحان الله وهو على كل شيء قدير

അല്ലാഹു എല്ലാത്തിനും കഴിവുറ്റവൻതന്നെ(സുബ്ഹാനല്ലാഹ് )

www.islamkerala.com





هذه الصورة لطرف أحد المجرات ...

ഇത് സഞ്ചാര പഥങ്ങളിൽ ഒന്നിന്റേതാണ്.



## سبحان الله وبحمده عدد خلقه ورضى نفسه وزنة عرشه ومداد كلماته ...

**അവന്റെ പരിശുദ്ധിയെ ഞങ്ങൾ വാഴ്ത്തുന്നു. അത്യധികം സ്തുതിക്കുകയും ചെയ്യുന്നു.**




## سبحان الله وبحمده ... سبحان الله العظيم

**അവന്റെ പരിശുദ്ധിയെ ഞങ്ങൾ വാഴ്ത്തുന്നു. അത്യധികം സ്തുതിക്കുകയും ചെയ്യുന്നു.**



وَأَحْصَى كُلَّ شَيْءٍ عَدَداً

**എല്ലാത്തിനെയും അവൻ കൃത്യമായി തിട്ടപ്പെടുത്തിയിരിക്കുന്നു.**




لله في خلقه شؤون ... هل من متفكر لعظمة الله ...

**ഈ സൃഷ്ടിപ്പിന് വ്യക്തമായ കാരണങ്ങൾ ഉണ്ട് അല്ലാഹുവിന്റെ മഹത്വത്തെ കുറിച്ച് ചിന്തിക്കുന്ന ആരെങ്കിലുമുണ്ടോ ......?**



وَمَا قَدَرُوا اللَّهَ حَقَّ قَدْرِهِ وَالْأَرْضُ جَمِيعًا قَبْضَتُهُ يَوْمَ الْقِيَامَةِ وَالسَّمَاوَاتُ مَطْوِيَّاتٌ بِيَمِينِهِ سُبْحَانَهُ وَتَعَالَى عَمَّا يُشْرِكُونَ (67)


**അല്ലാഹുവിനെ ബഹുമാനിക്കേണ്ട മുറപ്രകാരം അവർ ബഹുമാനിച്ചില്ല. ഖിയാമത്ത്നാളിൽ ഭൂമി മുഴുവനും അവന്റെ പരിപൂർണനിയന്ത്രണത്തിലായിരിക്കും. ആകാശങ്ങളാകട്ടെ, അവന്റെശക്തികൊണ്ട് ചുരട്ടപ്പെട്ടതുമായിരിക്കും. അവർ പങ്കുചേർക്കുന്നതിൽനിന്ന് അവൻ മഹാപരിശുദ്ധനും അത്യുന്നതി പ്രാപിച്ചവനുമാകുന്നു. ( അസ്സുമർ 67)**



قُلِ انظُرُواْ مَاذَا فِي السَّمَاوَاتِ وَالأَرْضِ وَمَا تُغْنِي الآيَاتُ وَالنُّذُرُ عَن قَوْمٍ لاَّ يُؤْمِنُونَ (101)

**പറയുക: ആകാശഭൂമികളിൽ എന്തെല്ലാമാണുള്ളതെന്ന് നിങ്ങളൊന്ന്സൂക്ഷിച്ച്നോക്കുക. വിശ്വസിക്കാത്തജനതക്ക് ലക്ഷ്യങ്ങളുംതാക്കീതുകളും യാതൊരു പ്രയോജനവും ചെയ്യുകയില്ല. (യൂനുസ് 101)**


www.islamkerala.com




لله في خلقه شؤون ... هل من متفكر لعظمة الله ...


**ഈ സൃഷ്ടിപ്പിന്വ്യക്തമായ കാരണങ്ങൾഉണ്ട് അല്ലാഹുവിന്റെ മഹത്വത്തെ കുറിച്ച് ചിന്തിക്കുന്ന ആരെങ്കിലുമുണ്ടോ ......?**


www.islamkerala.com



سبحان الله وبحمده ... سبحان الله العظيم

അവന്റെ പരിശുദ്ധിയെ ഞങ്ങൾ വാഴ്ത്തുന്നു. അത്യധികം സ്തുതിക്കുകയും ചെയ്യുന്നു.







أَوَلَمْ يَنظُرُواْ فِي مَلَكُوتِ السَّمَاوَاتِ وَالأَرْضِ وَمَا خَلَقَ اللّهُ مِن شَيْءٍ
وَأَنْ عَسَى أَن يَكُونَ قَدِ اقْتَرَبَ أَجَلُهُمْ فَبِأَيِّ حَدِيثٍ بَعْدَهُ يُؤْمِنُونَ (185)

**ആകാശ ഭൂമികളിലെ ആധിപത്യത്തിലും അല്ലാഹു എന്തെല്ലാം വസ്തുക്കളെ സൃഷ്ടിച്ചിട്ടുണ്ടോ അവയിലും തങ്ങളുടെ നിശ്ചിതഅവധി അടുത്തിരിക്കുവാൻ അവകാശമുണ്ട് എന്നതിലും അവർ ചിന്തിച്ചു നോക്കുന്നില്ലേ ? ഇതിനു (ഈ ഖുർആനിനു) ശേഷം ഏതൊരു വാർത്തയിലാണ് അവർ വിശ്വസിക്കാൻ പോകുന്നത്. ( അഅ്റാഫ് 185)**

www.islamkerala.com



بَدِيعُ السَّمَاوَاتِ وَالأَرْضِ أَنَّى يَكُونُ لَهُ وَلَدٌ وَلَمْ تَكُن لَّهُ صَاحِبَةٌ وَخَلَقَ كُلَّ شَيْءٍ وهُوَ بِكُلِّ شَيْءٍ عَلِيمٌ (101)

**ആകാശഭൂമികളെ മുൻമാതൃകകൂടാതെ നിർമ്മിച്ചവനാണവൻ.കൂട്ടുകാരി ഇല്ലാതിരിക്കെ അവന് സന്താനമുണ്ടാകുന്നതെങ്ങിനെ ?എല്ലാവസ്തുക്കളെയും സൃഷ്ടിച്ചിരിക്കുന്നത് അവനാണ്. മുഴുവൻ വസ്തുക്കളെക്കുറിച്ചും സർവ്വജ്ഞനുമത്രെ അവൻ. (അൻആം101)**



**ذَلِكُمُ اللّهُ رَبُّكُمْ لا إِلَـهَ إِلاَّ هُوَ خَالِقُ كُلِّ شَيْءٍ فَاعْبُدُوهُ وَهُوَ عَلَى كُلِّ شَيْءٍ وَكِيلٌ (102)**

**അവനാണ്‌നിങ്ങളുടെരക്ഷിതാവായഅല്ലാഹു. അവനല്ലാതെ ഒരു ഇലാഹുമില്ല. എല്ലാവസ്‌തുക്കളുടെയും സ്രഷ്ടാവുംഅവനാകുന്നു.അത്‌ കൊണ്ട്‌ അവന്‌ ഇബാദത്ത്‌ ചെയ്യുക. എല്ലാവസ്‌തുക്കളുടെ യും കാര്യങ്ങള്‍ ഏറ്റെടുത്ത്‌ നടത്തുന്നവനത്രെ അവന്‍. (അന്‍ആം 102 )**




**وَكَأَيِّن مِّن آيَةٍ فِي السَّمَاوَاتِ وَالأَرْضِ يَمُرُّونَ عَلَيْهَا وَهُمْ عَنْهَا مُعْرِضُونَ (105)**

**ആകാശഭൂമികളില്‍ എത്രയെത്രദൃഷ്ടാന്തങ്ങളാണുള്ളത്‌ !അവയുടെ മുകളിലൂടെ അവരതാ നടന്ന്‌ പോകുന്നു. അവരാകട്ടെ ആദൃഷ്ടാന്തങ്ങളെ അശേഷം ഗൗനിക്കാത്തവരാണ്‌. (യൂസുഫ്‌ 105)**

---

**വിവ : സുഹൈല്‍ കരുവാരക്കുണ്ട്‌**

**ഇത്തരം വിജ്ഞാനങ്ങള്‍ പ്രചരിപ്പിക്കാന്‍ സഹായിക്കുന്നവര്‍ക്ക്‌ അല്ലാഹു മഹത്തായ പ്രതിഫലം നല്‍കട്ടെ... ആമീന്‍**

**നാഥാഞങ്ങളില്‍നിന്ന്‌ഇത്‌നീസ്വീകരിക്കേണമേ,**

**മാന്യസുഹൃത്തുക്കളെ, നിങ്ങളുടെ പ്രാര്‍ത്ഥനയില്‍ ഈ വിനീതനെയും ഉള്‍പ്പെടുത്തണമെന്ന വസിയ്യത്തോടെ നിങ്ങളുടെ സഹോദരന്‍,**

**സി.പി. അബ്ദുല്ല ചെരുമ്പ**

**www.islamkerala.com**
E-mail : abdulla_cherumba@yahoo.com
Mobile :00919400534861